By Fax

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് - സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികം - വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(ഏകോപനം) വകുപ്പ്**

സ.ഉ(കൈ)നം.43/2025/ജി.എ.ഡി തീയതി,തിരുവനന്തപുരം, 22-03-2025

---

## ഉത്തരവ്

സംസ്ഥാന സർക്കാർ അധികാരത്തിലേറി നാല് വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ മന്ത്രിസഭയുടെ നാലാം വാർഷിക പരിപാടികൾക്ക് തുടക്കംകുറിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആഘോഷപരിപാടികളുടെ ഭാഗമായി 14 ദിവസങ്ങൾ നീളുന്ന ജില്ലാതല യോഗങ്ങൾ 2025 ഏപ്രിൽ 21-ന് കാസർഗോഡ് നിന്ന് ആരംഭിച്ച് മെയ് 23-ന് തിരുവനന്തപുരത്ത് സമാപിക്കുന്ന തരത്തിൽ വിപുലമായ പരിപാടികൾ നടത്തുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ യോഗവും, സമൂഹത്തിൽ സ്വാധീനമുള്ള വ്യക്തികൾ, പൗരപ്രമുഖർ, സാമുദായിക നേതാക്കൾ തുടങ്ങി എല്ലാ തലത്തിലുമുള്ള ആളുകളുടെ യോഗവും ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കേണ്ടതുണ്ട്. ജില്ലകളിൽ **രാവിലെ 11 മണിക്ക്** ഇത്തരത്തിലുള്ള പ്രമുഖ വ്യക്തികളുടെ യോഗം സംഘടിപ്പിക്കേണ്ടതാണ്.

- സർക്കാരിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളും നേട്ടങ്ങളും വിളിച്ചോതുന്ന ജില്ലാതല പ്രദർശന മേളകളും വിപണന മേളകളും സംഘടിപ്പിക്കേണ്ടതാണ്.

## ജില്ലാതല യോഗങ്ങൾ

| തീയതി | ജില്ല |
|---|---|
| ഏപ്രിൽ 21 | കാസർഗോഡ് |
| ഏപ്രിൽ 22 | വയനാട് |
| ഏപ്രിൽ 24 | പത്തനംതിട്ട |
| ഏപ്രിൽ 28 | ഇടുക്കി |
| ഏപ്രിൽ 29 | കോട്ടയം |

| | |
|---|---|
| | |
| മെയ് 5 | പാലക്കാട് |
| മെയ് 6 | ആലപ്പുഴ |
| മെയ് 7 | എറണാകുളം |
| മെയ് 10 | കണ്ണൂർ |
| മെയ് 12 | മലപ്പുറം |
| മെയ് 13 | കോഴിക്കോട് |
| മെയ് 14 | തൃശ്ശൂർ |
| മെയ് 22 | കൊല്ലം |
| മെയ് 23 | തിരുവനന്തപുരം |

ജില്ലാതല യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, വിജയകരമായ നടത്തിപ്പിനുമുള്ള മുഖ്യ ചുമതല ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കായിരിക്കും.

<u>സംസ്ഥാനതല യോഗങ്ങൾ</u>

സംസ്ഥാന തലത്തിൽ ചുവടെപ്പറയും പ്രകാരമുള്ള പൊതുപരിപാടികൾ സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുള്ള ചുമതല ബന്ധപ്പെട്ട വകുപ്പുകൾക്കായിരിക്കും.

- **യുവജനക്ഷേമ** വകുപ്പിന്റെ നേതൃത്വത്തിൽ യുവജനങ്ങളുമായുള്ള ചർച്ച.
- **വനിതാവികസന** വകുപ്പിന്റെ നേതൃത്വത്തിൽ വനിതകളുമായുള്ള ചർച്ച.
- **എസ്.സി /എസ്.ടി** വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുമായുള്ള ചർച്ച.
- **സാംസ്കാരിക** വകുപ്പിന്റെ നേതൃത്വത്തിൽ സാംസ്കാരിക രംഗത്തുള്ളവരുമായി ചർച്ച.
- **ഉന്നതവിദ്യാഭ്യാസ, ആരോഗ്യ** വകുപ്പുകളുടെ നേതൃത്വത്തിൽ ഗവേഷണ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാർത്ഥികളുമായുള്ള ചർച്ച.
- **സയൻസ് & ടെക്നോളജി** വകുപ്പിന്റെ നേതൃത്വത്തിൽ പ്രൊഫഷണലുമായുള്ള ചർച്ച.

| സംസ്ഥാനതല യോഗങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലവും, തീയതിയും | | |
|---|---|---|
| തീയതി | വകുപ്പ് | ജില്ല |
| മെയ് 3 | യുവജനക്ഷേമം | കോഴിക്കോട് |
| മെയ് 4 | വനിതാവികസനം | എറണാകുളം |
| മെയ് 11 | ഉന്നതവിദ്യാഭ്യാസരംഗം | കോട്ടയം |
| മെയ് 17 | സയൻസ് & ടെക്നോളജി | തിരുവനന്തപുരം |
| മെയ് 18 | പട്ടികജാതി-പട്ടികവർഗ്ഗം | പാലക്കാട് |
| മെയ് 19 | സാംസ്കാരികം | തൃശ്ശൂർ |

**ജില്ലാതല പ്രദർശന-വിൽപ്പനമേള**

പ്രദർശന-വിൽപ്പന മേളകൾക്ക് പുറമെ ചർച്ചകൾ, കായിക മത്സരങ്ങൾ തുടങ്ങി മറ്റ് ആഘോഷ പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

- പ്രദർശന-വിൽപ്പന മേളകളിൽ സർക്കാർ വകുപ്പുകളുടെ കഴിഞ്ഞ 9 വർഷത്തെ നേട്ടങ്ങൾ Visual-ആയും അല്ലാതെയും പ്രദർശിപ്പിക്കണം. ഇതിനായി വകുപ്പുകൾക്ക് തുക ചെലവഴിക്കുന്നതിനുള്ള പെർമിസീവ് സാങ്ഷൻ നൽകുന്നു.
- ഇതിനുപുറമേ സാമ്പത്തിക ബാധ്യത വരുന്ന സ്ഥിതി ഉണ്ടായാൽ ജില്ലകളിൽ വരുന്ന ചെലവ് ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ വഹിക്കേണ്ടതാണ്.
- ജില്ലാതല പ്രദർശ-വിൽപ്പന മേളകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുവാനുള്ള ചുമതല കിഫ്ബിയ്ക്കായിരിക്കും

- ജില്ലാതല പ്രദർശന-വിൽപ്പന മേളകൾക്ക് ചെലവ് പരമാവധി കുറച്ചുകൊണ്ട് ജില്ലാ തലത്തിൽ ഒരു നിശ്ചിത ശതമാനം (40 ശതമാനം) സ്ഥലം സ്വകാര്യ സ്ഥാപനങ്ങൾക്ക് വിട്ടുനൽകാമെന്ന നിബന്ധനയിൽ താൽപ്പര്യപത്രം ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തി പവലിയൻ നിർമ്മാണം അവരുടെ ചുമതലയിൽ നടത്തുന്നത് സാധ്യമായ ജില്ലകളിൽ പരിഗണിക്കേണ്ടതും, ബാക്കി 60 ശതമാനം സ്ഥലം സർക്കാർ പരിപാടികൾക്കായി ലഭ്യമാക്കേണ്ടതുമാണ്.
- പ്രദർശന-വിൽപ്പന മേളകളുടെ ഏകോപനവും, ചുമതലയും മുൻവർഷങ്ങളിലേതുപോലെ വിവര പൊതുജന സമ്പർക്ക വകുപ്പിനായിരിക്കും.
- പരിപാടികൾക്ക് ജില്ലാതല സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർക്കായിരിക്കും ഇതിന്റെ ചുമതല.
- ജില്ലയുടെ ചുമതലയുള്ള മന്ത്രി ചെയർമാനും, ജില്ലാ കളക്ടർ ജനറൽ കൺവീനറും, ജില്ലാ ഇൻഫോർമേഷൻ ഓഫീസർ കൺവീനറുമായി ജില്ലകളിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

ആവശ്യമായ അടിയന്തിര മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും തുടർനടപടികൾ സ്വീകരിക്കാനുമുള്ള ചുമതല ചീഫ് സെക്രട്ടറിയ്ക്കായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ്/സ്വയംഭരണ സ്ഥാപന മേധാവികൾക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള , തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Veena K V
Date: 22-03-2025 10:56:51

സെക്ഷൻ ഓഫീസർ